പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1788 **26-10-2026-ൽ മറുപടിയ്ക്ക്**

പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. എം. ശശി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് മുൻ സർക്കാരുകളുടെ കാലയളവിൽ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണം ഏത് തരത്തിലായിരുന്നു എന്ന് വിശദമാക്കാമോ;

മറുപടി: കേരളത്തിൽ പഞ്ചവത്സര പദ്ധതികളുടെ രൂപീകരണം പ്രധാനമായും വിവിധ മേഖലകളിലും ഉപമേഖലകളിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുക, പദ്ധതിയുടെ പൊതുവായ സമീപനവും വിവിധ മേഖലകളിൽ സ്വീകരിക്കേണ്ട വികസന തന്ത്രങ്ങളും പ്രതിപാദിക്കുന്ന സമീപനരേഖ (Approach Paper) തയ്യാറാക്കുക, വിവിധ വകുപ്പുകളുടെ പദ്ധതി നിർദേശങ്ങൾ ഏകോപിപ്പിക്കുക എന്നി ഘട്ടങ്ങളിലൂടെയാണ് നടന്നുവരുന്നത്. ഓരോ വർക്കിംഗ് ഗ്രൂപ്പിലും ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധർ, പ്രൊഫഷണലുകൾ, ഭരണരംഗത്തെ പരിചയസമ്പന്നർ എന്നിവരെ ചെയർപേഴ്സണായും അംഗങ്ങളായും ഉൾപ്പെടുത്തിയിരുന്നു. പദ്ധതിക്കാലത്തെ വികസന നേട്ടങ്ങൾ, നിലവിലുള്ള പദ്ധതികളുടെ പുരോഗതിയും ഫലപ്രാപ്തിയും, മേഖലാതല പ്രശ്നങ്ങളും വെല്ലുവിളികളും, ഭാവി വികസന സാധ്യതകളും വിലയിരുത്തി വർക്കിംഗ് ഗ്രൂപ്പുകൾ ശിപാർശകൾ സമർപ്പിക്കുന്നു. ബന്ധപ്പെട്ട ഡിവിഷനുകൾ തയ്യാറാക്കിയ പശ്ചാത്തല രേഖകൾ ഈ ചർച്ചകൾക്ക് അടിസ്ഥാനമായി ഉപയോഗിച്ച് വരുന്നു. സംസ്ഥാനത്തിന്റെ വികസന മുൻഗണനകൾ പരിഗണിച്ചാണ് സമീപനരേഖ തയ്യാറാക്കുന്നത്. ഇതോടൊപ്പം ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികൾ,തൊഴിലാളി സംഘടനകൾ, കർഷകർ, വ്യവസായികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, യുവജനങ്ങൾ, പട്ടികജാതി-പട്ടികവർഗ-ന്യൂനപക്ഷ വിഭാഗങ്ങൾ, വിഷയവിദഗ്ധർ, അക്കാദമിക വിദഗ്ധർ തുടങ്ങിയ വിവിധ വിഭാഗങ്ങളുമായി കൂടിയാലോചനകളും നടത്തുന്നു. സമീപനരേഖയുടെ കരട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി അഭിപ്രായങ്ങൾ തേടുന്നതിലൂടെ ജനപങ്കാളിത്തവും ഉറപ്പാക്കുന്നു. തുടർന്ന് സമീപനരേഖയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ പദ്ധതി മാർഗനിർദേശങ്ങൾ തയ്യാറാക്കി വകുപ്പുകൾക്ക് നൽകുകയും, അവയുടെ അടിസ്ഥാനത്തിൽ വകുപ്പുതല പദ്ധതി നിർദേശങ്ങൾ സമാഹരിച്ച് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ മേഖലാതല ശിപാർശകൾ സംസ്ഥാനത്തിന്റെ വികസന

മുൻഗണനകളമായി സംയോജിപ്പിച്ച് വാർഷിക പദ്ധതികളിലൂടെ നടപ്പിലാക്കുന്ന രീതിയിലാണ് മുൻ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണ പ്രക്രിയ നടത്തപ്പെടുന്നത്.

(ബി) നിലവിൽ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിനും നടത്തിപ്പിനുമായി ഏജൻസികളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

മറുപടി: പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട്, ആഗോളതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കും വികസന പ്രവണതകൾക്കും അനുസൃതമായി ആവശ്യമായ പ്രത്യേക വൈദഗ്ധ്യവും സാങ്കേതിക പരിജ്ഞാനവും പ്രയോജനപ്പെടുത്തുന്നതിനായി കൺസൾട്ടിംഗ് സ്ഥാപനങ്ങൾ, തിങ്ക് ടാങ്കുകൾ, ഗവേഷണ സ്ഥാപനങ്ങൾ, മറ്റ് പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ഒരു പാനൽ രൂപീകരിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പ്രമുഖരായ വിഷയ വിദഗ്ധരും അക്കദമിസ്റ്റുകളും പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ചെയ്തു കൊണ്ടിരിക്കുന്ന ഇത്തരം ജോലികൾ വിദേശ/സ്വകാര്യ മേഖലയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാം;

മറുപടി: കേരളത്തെ വികസിത രാജ്യങ്ങൾക്ക് തുല്യമായ വികസന നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് സർക്കാരിന്റെ നയം. ഈ ലക്ഷ്യത്തിന്റെ ഭാഗമായി, ആഗോളതലത്തിലെ മാറ്റങ്ങളും വികസന പ്രവണതകളും പരിഗണിച്ച്, പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിന് ആവശ്യമായ പ്രത്യേക വൈദഗ്ധ്യവും സാങ്കേതിക പരിജ്ഞാനവും പ്രയോജനപ്പെടുത്തുന്നതിനായി ദേശീയതലത്തിൽ പ്രശസ്തരായ കൺസൾട്ടൻസി സ്ഥാപനങ്ങൾ, തിങ്ക് ടാങ്കുകൾ, ഗവേഷണ സ്ഥാപനങ്ങൾ, മറ്റ് പ്രൊഫഷണൽ സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ഒരു പാനൽ രൂപീകരിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ നടക്കുന്ന പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ്.

(ഡി) പതിനഞ്ചാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ ഏജൻസികളുടെ സഹായം തേടുകയാണെങ്കിൽ ആയതിന് എത്ര രൂപ ചിലവാകും എന്ന് വിശദമാക്കാമോ;ഇത് ഏത് ഫണ്ടിൽ നിന്നായിരിക്കും ചിലവഴിക്കുക?

മറുപടി: ഏജൻസികൾക്ക് നൽകേണ്ട പ്രതിഫലം അവരെ ഏൽപ്പിക്കുന്ന പ്രവർത്തനങ്ങളുടെ സ്വഭാവം, വ്യാപ്തി, കരാറിൽ നിശ്ചയിക്കുന്ന വ്യവസ്ഥകൾ, അംഗീകരിച്ച സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും നിർണയിക്കുക. പാനൽ രൂപീകരിക്കുന്നത് പ്രത്യേക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. നിർദിഷ്ട പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്ന ഘട്ടത്തിൽ ആവശ്യമായ ചെലവ് വിലയിരുത്തി, നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്കും സാമ്പത്തിക നടപടിക്രമങ്ങൾക്കും വിധേയമായി ഫണ്ട് ചിലവഴിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ